# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 343 28/05/2019-ൽ മറുപടിയ്ക്ക്

## ഇന്റർനെറ്റ് ദുരുപയോഗം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത -ശിശു വികസനവും വകുപ്പ മന്ത്രി) |
| (എ) ഇന്റർനെറ്റ് സൗകര്യം ദുരുപയോഗം ചെയ്ത് സോഷ്യൽ മീഡിയയിലൂടെ കുട്ടികളെ ലൈംഗികമായി ഉൾപ്പെടെ വിവിധ തരത്തിൽ ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച് ജാഗ്രത പാലിക്കാൻ രക്ഷിതാക്കളിലും കുട്ടികളിലും ബോധവൽക്കരണം നടത്തുന്നതിന് സാമൂഹ്യനീതി വകുപ്പ് സ്വന്തമായി പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നുണ്ടോ എന്നറിയിക്കാമോ; | (എ) | സോഷ്യൽ മീഡിയയിലൂടെ കുട്ടികളെ ലൈംഗികമായി ഉപയോഗപ്പെടുത്തുന്നതിനെതിരെ ബോധവൽക്കരണം നടത്തുന്നതിന് വനിത ശിശു വികസന വകുപ്പിൽ പ്രത്യേക പദ്ധതി ഇല്ല. എന്നാൽ ജില്ലാ തലത്തിൽ, സ്കൂൾ, കോളേജ് തലങ്ങളിലും പൊതു ജനങ്ങളിലും സൈബർ സുരക്ഷ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. സൈക്കോ സോഷ്യൽ പദ്ധതി പ്രകാരം കൗമാരക്കാരായ പെൺകുട്ടികൾക്ക് മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനും പ്രശ്നങ്ങൾ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുന്നതിനുമായി സ്കൂൾ കൗൺസിലിംഗ് നടപ്പിലാക്കുന്നുണ്ട്. |
| (ബി) ആഭ്യന്തരം, പൊതു വിദ്യാഭ്യാസം എന്നീ വകുപ്പുകളുമായി ചേർന്ന് രക്ഷിതാക്കളിലും കുട്ടികളിലും ബോധവക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | 2019 ജൂൺ 1 മുതൽ നടപ്പിലാക്കുന്ന **'കരുതൽ സ്പർശം – കൈകോർക്കാം കുട്ടികൾക്കായി '** പദ്ധതിയുടെ ഭാഗമായി ആഭ്യന്തരം, പൊതു വിദ്യാഭ്യാസം മുതലായ വകുപ്പുകളുമായി ചേർന്ന് ബോധവൽക്കരണ പരിപാടികൾ നടത്തുന്നതാണ്. നിലവിൽ ഓ.ആർ.സി സ്കൂളുകളിൽ പൊതുവിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ജില്ലാ തലങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നു. |

**സെക്ഷൻ ഓഫീസർ**